# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3629 17.10.2011-ൽ മറുപടിയ്ക്ക്

## വണ്ടാനം മെഡിക്കൽ കോളേജിലെ സേവനങ്ങൾ മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ : | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) ആലപ്പുഴ, വണ്ടാനം മെഡിക്കൽ കോളേജിൽ രാത്രികാലങ്ങളിൽ പ്രധാന ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്തത് ശ്രദ്ധയിൽ - പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | (എ) ഇല്ല. രാത്രി കാലങ്ങളിൽ ഡ്യൂട്ടി മെഡിക്കൽ ഓഫീസറുടെ സേവനം 'on call'-ൽ ലഭ്യമാണ്. കൂടാതെ യൂണിറ്റ് ചീഫിന്റെ സേവനം ലഭ്യമാണ്. ന്യൂറോ സർജറി, പീഡിയാട്രിക് സർജറി എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരുടെ ദൗർലഭ്യം മൂലം ചില സമയങ്ങളിൽ രോഗികളെ കോട്ടയം മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യാറുണ്ട്. |
| (ബി) അത്യാസന്ന നിലയിൽ കഴിയുന്ന രോഗികളുടെ സമീപം പോയി എക്സ്റേ, ഇ.സി.ജി. സ്കാനിംഗ് എന്നിവ എടുക്കുന്നതിനുള്ള സംവിധാനം വണ്ടാനം മെഡിക്കൽ കോളേജിൽ നിലവിലുണ്ടോ; | (ബി) അത്യാസന്ന നിലയിൽ കഴിയുന്ന രോഗികളുടെ സമീപം പോയി എക്സറേ, ഇ.സി.ജി. എന്നിവ എടുക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. സ്കാനിംഗ് എടുക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. |
| (സി) റോഡപകടങ്ങളിൽപ്പെടുന്ന രോഗികളെ കോട്ടയം മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ? | (സി) ന്യൂറോ സർജറി, പീഡിയാട്രിക് സർജറി എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരുടെ ദൗർലഭ്യം മൂലം ചില സമയങ്ങളിൽ രോഗികളെ കോട്ടയം മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ